# പതിമൂന്നാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2017 07/12/2015-ൽ മറുപടിയ്ക്ക്**

**മൽസ്യത്തിന്റെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ടി. എൻ. പ്രതാപൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രാപ്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള "കേരള മത്സ്യ വില്പനയും മത്സ്യ ഗുണനിലവാരവും മാനേജ്മെന്റ്" ബിൽ നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഫോർമാലിൻ പോലുള്ള രാസ പദാർത്ഥങ്ങൾ കലർത്തി വ്യാപകമായ തോതിൽ മത്സ്യങ്ങൾ വിറ്റഴിക്കപ്പെടുന്നുവെന്ന വിവരം ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ബി) ഫോർമാലിൻ പോലുള്ള രാസ പദാർത്ഥങ്ങൾ കലർത്തി വ്യാപകമായ തോതിൽ മത്സ്യങ്ങൾ വിറ്റഴിക്കപ്പെടുന്നുവെന്ന വിവരം പത്ര റിപ്പോർട്ടിലൂടെ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥയിൽ ഫിഷറീസ് വകുപ്പിൽ നിന്നും നിയമപരമായി നടപടി സ്വീകരിക്കാൻ ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകൾ നിലവിലില്ലാത്തതിനാൽ അപ്രകാരം നടപടി സ്വീകരിക്കുന്നതിന് കഴിയില്ല. എന്നാൽ "കേരള മത്സ്യ വില്പനയും മത്സ്യ ഗുണനിലവാരവും മാനേജ്മെന്റ്" ബിൽ നിയമമാകുന്നതോടെ അപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ മത്സ്യത്തിൽ മായം കലർത്തുന്ന തിനെതിരെ മത്സ്യത്തൊഴിലാളികൾക്കും മത്സ്യ വിപണന മേഖലയിലെ തൊഴിലാളികൾക്കും വകുപ്പിൽ നിന്നും ബോധവത്ക്കരണം നടത്തുന്നുമുണ്ട്. |
| സി) പ്രസ്തുത രീതിയിൽ മത്സ്യം വിറ്റഴിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | സി) പ്രസ്തുത രീതിയിൽ മത്സ്യം വിറ്റഴിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും ഉള്ള വ്യവസ്ഥകൾ "കേരള മത്സ്യ വില്പനയും മത്സ്യ ഗുണനിലവാരവും മാനേജ്മെന്റ്" ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**